158 (1518) കോഴിക്കോട് മെഡിക്കൽ കോളേജ്

ശ്രീ. സി.കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മെഡിക്കൽ കോളേജ് ജനറൽ വാർഡിൽ എത്ര ബെഡ്ഡാണ് അനുവദിച്ചിട്ടുള്ളത്;

(ബി) 1.6.99-ൽ ഇവിടെ എത്ര ഇൻ-പേഷ്യന്റ്സ് ഉണ്ടായിരുന്നു;

(സി) ഏതെല്ലാം സൂപ്പർ സ്പെഷ്യാലിറ്റികളാണ് കോഴിക്കോട് മെഡിക്കൽ കോളേജിൽ അനുവദിച്ചിട്ടുള്ളത്;

(ഡി) എല്ലാ സൂപ്പർ സ്പെഷ്യാലിറ്റി വകുപ്പുകളിലും ആവശ്യത്തിന് ഡോക്ടർമാരുണ്ടോ?

ഉത്തരം

(എ) 1479.

(ബി) 2943.

(സി) യൂറോളജി, നെഫ്രോളജി, കാർഡിയോളജി, തൊറാസിക് സർജറി, ന്യൂറോ സർജറി, ന്യൂറോ മെഡിസിൻ, പ്ലാസ്റ്റിക് സർജറി, പീഡിയാട്രിക് സർജറി, മെഡിക്കൽ ഗ്യാസ്ട്രോ എന്റോളജി എന്നിവ അനുവദിച്ചിട്ടുണ്ട്.

(ഡി) എല്ലാ വകുപ്പുകളിലും ഡോക്ടർമാരുടെ സേവനം ലഭ്യമാണ്.

159 (1519) തൃശ്ശൂർ മെഡിക്കൽ കോളേജിന്റെ കെട്ടിടനിർമ്മാണം

ഡോ. കെ.പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ മെഡിക്കൽ കോളേജിലെ ഏതൊക്കെ വിഭാഗങ്ങളാണ് ഇപ്പോൾ മുളംകുന്നത്തുകാവിൽ പ്രവർത്തിക്കുന്നത്;

(ബി) ഇപ്പോൾ മെഡിക്കൽ കോളേജിന് തൃശ്ശൂർ, മുളംകുന്നത്തുകാവ് എന്നീ രണ്ട് സ്ഥലങ്ങളിൽ ഓരോന്നിലും എത്ര ബെഡ്ഡുകൾ ഉണ്ട്;

(സി) മുളംകുന്നത്തുകാവിൽ ഇപ്പോൾ നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന 400 ബെഡ്ഡുകളുള്ള കെട്ടിടത്തിന്റെ പണി എന്ന് പൂർത്തിയാകും;

(ഡി) നിർമ്മാണം പൂർത്തിയായാലും ഇവിടെ രോഗികളെ കിടത്തി ചികിത്സിക്കാൻ എന്നുമുതൽ കഴിയും എന്ന് അറിയിക്കുമോ;

(ഇ) എന്തൊക്കെ നിർമ്മാണ പ്രവർത്തനങ്ങളാണ് ഇപ്പോൾ മുളംകുന്നത്തുകാവിൽ നടന്നുവരുന്നത് എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) മെഡിസിൻ, സ്കിൻ ആന്റ് വി.ഡി, ന്യൂറോളജി, ചെസ്റ്റ് ആന്റ് റ്റി.ബി സൈക്യാട്രി, പീഡിയാട്രിക്സ്, റേഡിയോ തെറാപ്പി എന്നീ വിഭാഗങ്ങളാണ് ഇപ്പോൾ മുളംകുന്നത്തുകാവിൽ പ്രവർത്തിക്കുന്നത്.

(ബി) തൃശ്ശൂർ മെഡിക്കൽ കോളേജിൽ 597 ബെഡ്ഡുകളും, മുളംകുന്നത്തുകാവിൽ 450 ബെഡ്ഡുകളും ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) നാനൂറു കിടക്കകളുള്ള ആശുപത്രി വാർഡിന്റെ കെട്ടിടം പണി മിക്കവാറും പൂർത്തിയായിട്ടുണ്ട്.

(ഡി) ഒ.പി. ബ്ലോക്ക്, ഓപ്പറേഷൻ തിയേറ്റർ, വാട്ടർ സപ്ലൈ തുടങ്ങിയ സൗകര്യങ്ങൾകൂടി സജ്ജീകരിച്ചാലുടൻ രോഗികളെ കിടത്തി ചികിത്സിക്കാൻ കഴിയും.

(ഇ) സ്റ്റാഫ് ക്വാർട്ടേഴ്സ്, റേഡിയോ തെറാപ്പി യൂണിറ്റ് എന്നിവയുടെ കെട്ടിട നിർമ്മാണങ്ങളും നിലവിലുള്ള ഡിപ്പാർട്ടുമെന്റുകളുടെ സൗകര്യം വർദ്ധിപ്പിക്കുന്നതിനാവശ്യമായ നിർമ്മാണ പ്രവർത്തനങ്ങളും മറ്റ് അറ്റകുറ്റപ്പണികളും നടന്നുവരുന്നു.

160 (1520) ആലപ്പുഴ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിലെ മരണം

ശ്രീ. പി.ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ ഗൈനക്കോളജിസ്റ്റായ ഡോ. സുധാ സജീവിന്റെ അലസതകൊണ്ടും അവഗണനകൊണ്ടും ഗർഭിണിയായ തന്റെ ഭാര്യ ഷീജ മരിക്കുവാനിടയായി എന്ന് ആരോപിച്ച് മാരാരിക്കുളം വടക്ക് പഞ്ചായത്തിൽ 2-ാം വാർഡിൽ അരൈശ്ശേരി മംഗലത്ത് സജി 6.7.98-ൽ വകുപ്പുമന്ത്രിക്ക് നൽകിയ പരാതിയിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) പരാതിയെപ്പറ്റി അന്വേഷണം നടത്തിയിട്ടുണ്ടെങ്കിൽ അന്വേഷണത്തിൽ വെളിവായ സംഗതികൾ വ്യക്തമാക്കുമോ?

ഉത്തരം

(എ)&(ബി) പ്രസ്തുത പരാതിയെ സംബന്ധിച്ച് ആരോഗ്യവകുപ്പിലെ വിജിലൻസ് അഡീഷണൽ ഡയറക്ടറെക്കൊണ്ട് അന്വേഷണം നടത്തി.

ഡോ. സുധാ സജീവന്റെയോ മറ്റു ആശുപത്രി ജീവനക്കാരുടെയോ ഭാഗത്തുനിന്നും ശ്രീമതി ഷീജയുടെ ട്രീറ്റ്മെന്റിലോ മാനേജ്മെന്റിലോ അനാസ്ഥ ഉള്ളതായി ബന്ധപ്പെട്ട അന്വേഷണ ഉദ്യോഗസ്ഥൻ റിപ്പോർട്ട് ചെയ്തിട്ടില്ല.

161 (1521) വയനാട്ടിൽ നഴ്സിംഗ് സ്കൂൾ ആരംഭിക്കുന്നതിനുള്ള നടപടി

ശ്രീ. വർഗ്ഗീസ് വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട്ടിൽ സർക്കാർ മേഖലയിൽ നഴ്സിംഗ് സ്കൂൾ ആരംഭിക്കുന്നതിന് കൈക്കൊണ്ടിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(ബി) എന്നുമുതൽ ഈ സ്ഥാപനം ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly